# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3124 — 15.12.2015-ൽ മറുപടിയ്ക്ക്

## പി.ഡബ്ല്യൂ.ഡി. വർക്കുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എസ്.ശബരീനാഥൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി.അബ്ദുളളക്കുട്ടി<br>,, വി.പി.സജീന്ദ്രൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി വർക്കുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ ; | (എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ച് പ്രവർത്തനം നടപ്പാക്കി വരുന്നു. ദേശീയപാത ജോലികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. ടാറിംഗ് പ്രവൃത്തികൾ ഉള്ള സ്ഥലങ്ങളിൽ പ്ലാന്റ് സൈറ്റിലും, റോഡുകളിലും എത്തി ബിറ്റുമിൻ എക്സ്ട്രാക്ടർ, സീവ്സ്, തെർമോമീറ്റർ എന്നിവ ഉപയോഗിച്ച് ടാറിന്റെ അളവ്, മെറ്റീരിയലുകളുടെ ഗുണനിലവാരം, ചൂട്, ഘനം, എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. 15.10.2015-ന് ശേഷം ടെണ്ടർ ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും ഗുണനിലവാര പരിശോധന നിർബന്ധമാക്കി കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചു കോടിയിൽ കൂടുതൽ വരുന്ന പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുന്നതിനും നിഷ്കർഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) | ഇതുവഴി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാനും മെച്ചപ്പെടുത്തുവാനും സാദ്ധ്യമാകും. ആദ്യ രണ്ടു ലെവൽ ടെസ്റ്റിംഗ് പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനാണ് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. ഇതുമൂലം പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും durable and sustainable ആയിരിക്കും എന്നുള്ളത് ഉറപ്പുവരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? വിശദമാക്കുമോ ? | (സി) | 28.533 കോടിയുടെ പദ്ധതികൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. അതിനായുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ, ക്വാളിറ്റി കൺട്രോൾ ലാബ് മാന്വൽ എന്നിവ പ്രസിദ്ധീകരിച്ച് ഗുണനിലവാരം പരിശോധിക്കാൻ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസും ലാബുകളും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എഞ്ചിനീയർമാർക്കും ജീവനക്കാർക്കും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കരാറുകാർക്ക് ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുള്ള ആവശ്യകത മനസ്സിലാക്കുന്നതിനും കേരളം മുഴുവൻ ആറു സ്ഥലങ്ങളിലായി awareness programme നടത്തി തുടർന്നും ട്രെയിനിംഗ് നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**